ഉത്തരം

(എ) 2001 മേയ് മുതൽ കെ.എസ്.ഐ.ഡി.സി.യുടെ സഹകരണത്തോടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ള 66 പദ്ധതികളിലായി ഏകദേശം 306 കോടി രൂപ നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്. (കൂടാതെ 34 പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്).

2001 മേയ് മുതൽ 31-1-2005 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ആരംഭിച്ച ചെറുകിട വ്യവസായങ്ങളിൽ (ചെറുകിട വ്യവസായ സേവന വ്യാപാര സ്ഥാപനങ്ങൾ ഉൾപ്പെടെ) ഏകദേശം 731 കോടി രൂപ നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്.

വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി കിൻഫ്ര 54.61 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഐ.ഡി.സി. യുടെ സഹകരണത്തോടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ള പദ്ധതികളിൽ എല്ലാം കൂടി 4356 പേർക്ക് തൊഴിൽ ലഭിക്കുമെന്ന് കരുതുന്നു.

കിൻഫ്ര അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ വ്യവസായ പാർക്കുകളിൽ തുടങ്ങിയ വ്യവസായങ്ങളിലൂടെ ഏകദേശം 2000-ൽ പരം പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

ചെറുകിട വ്യവസായങ്ങളിലെ നിക്ഷേപങ്ങളിലൂടെ ഏകദേശം 137000 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

ബീഡി വ്യവസായ രംഗത്തെ തൊഴിൽ പ്രശ്നങ്ങൾ

30 [1235] ശ്രീ. സി. കെ. നാണു :

„ എ. സി. ഷൺമുഖദാസ് :

,, കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബീഡി വ്യവസായ രംഗത്ത് എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ;

(ബി) ബീഡിവ്യവസായ രംഗം ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ് ;

(സി) പ്രസ്തുത വ്യവസായ രംഗത്തുള്ള പ്രതിസന്ധികൾ പരിഹരിയ്ക്കാൻ അടിയന്തിരമായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) (1) പൊതു സ്ഥലത്ത് പുകവലി നിരോധിച്ചുകൊണ്ടുള്ള 12-7-1999-ലെ ബഹു. കേരള ഹൈക്കോടതി വിധി.

(2) പരസ്യം നിരോധിച്ചും ഉത്പാദന വിതരണം നിയന്ത്രിച്ചും കൊണ്ടുള്ള കേന്ദ്ര നിയമങ്ങളും ചട്ടങ്ങളും.

(3) ആരോഗ്യത്തിന് ഹാനികരമായതിനാൽ ആളുകൾ പുകവലി ഉപേക്ഷിക്കുന്നു എന്നത്.

(4) ബീഡി ഉപഭോക്താക്കളിൽ കണ്ടുവരുന്ന സിഗരറ്റ്, പാൻപരാഗ് പോലുള്ള ഉൽപ്പന്നങ്ങളോടുള്ള കമ്പം.

(5) സെൻട്രൽ എക്സൈസ് ഡ്യൂട്ടി അടയ്ക്കുന്നതിനുള്ള പരിധി 20 ലക്ഷം ബീഡിയ്ക്കു മുകളിലുള്ള ഉൽപാദനത്തിനായതിനാൽ ഡ്യൂട്ടി അടയ്ക്കുന്നതിൽ സ്വകാര്യ ബീഡി വ്യവസായികൾ വെട്ടിപ്പ് നടത്താനും മാർക്കറ്റിൽ വ്യാജ ബീഡി വർദ്ധിക്കുന്നതിനും ഇടയാകുന്നു.

(സി) ബീഡി വ്യവസായ രംഗത്തെ പ്രതിസന്ധി പരിഹരിക്കുവാൻ ഉപ്പോൾ അടിയന്തിര നടപടി എന്ന നിലയിൽ ബീഡി വ്യവസായ രംഗത്തെക്കുറിച്ച് വിശദമായ പഠനം നടത്തുന്നതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വി. ആർ. എസ്. വഴി വിരമിച്ചവർ

31 [1236] ശ്രീ. കെ. ബാബു:

,, ജോർജ് ജെ. മാത്യു:

,, വി. ജെ. പൗലോസ്:

,, പി. ശങ്കരൻ:

,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് ഇതുവരെ എത്രപേർ വോളന്ററി റിട്ടയർമെന്റ് പദ്ധതിപ്രകാരം വിരമിച്ചിട്ടുണ്ട്;

(ബി) ഇവർക്കുവേണ്ടി ആനുകൂല്യമിനത്തിൽ ഒട്ടാകെ എത്ര തുക ചെലവായി;

(സി) ഇത്രയും പേർ വോളന്ററി റിട്ടയർമെന്റ് പദ്ധതിപ്രകാരം പിരിഞ്ഞുപോയതിന്റെ ഫലമായി എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായിത്തീരുകയോ നഷ്ടമില്ലാത്ത അവസ്ഥയിൽ എത്തിച്ചേരുകയോ ചെയ്തിട്ടുണ്ട് എന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly